പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 709

06.02.2013 ൽ മറുപടിക്ക്

ഇ-ഗവേണൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, അൻവർ സാദത്ത്<br>,, വി.റ്റി. ബൽറാം<br>,, വി.പി. സജീന്ദ്രൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഇ-ഗവേണൻസ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ; | എ) പൊതുജനങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ടതായ സേവനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗിച്ചുകൊണ്ട് കാലതാമസമില്ലാതെ എത്തിക്കുകയും അത്തരം സേവനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഇ-ഗവേണൻസ് പദ്ധതി കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഭരണ നിർവ്വഹണത്തിലെ കാര്യക്ഷമത, സുതാര്യത, വരവ് ചെലവ് കണക്കുകളിലെ കാര്യക്ഷമത, അഴിമതിരഹിത ഓഫീസ്, കാലതാമസമില്ലാതെ സേവനങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാക്കുക എന്നതാണ് ഇ-ഗവേണൻസ് പദ്ധതി ലക്ഷ്യമിടുന്നത്. |
| (ബി) എന്തെല്ലാം സൗകര്യങ്ങളും നേട്ടങ്ങളും ആണ് പ്രസ്തുത പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഐ.ടി. അടിസ്ഥാന സൗകര്യങ്ങളുടെ സഹായത്തോടെ സർക്കാരിൽ നിന്നും ലഭ്യമാകേണ്ട സേവനങ്ങൾ ഓൺലൈനായി ഓഫീസുകളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാകും. സർക്കാരിലേക്ക് അടക്കേണ്ടതായ ഫീസുകളും നികുതികളും മറ്റു payment-കളും തെരഞ്ഞെടുത്ത ബാങ്കുകളുടെ Internet Banking, ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകളും മറ്റ് e-payment സൗകര്യങ്ങളും മുഖാന്തിരവും സർക്കാരിലേക്ക് അടക്കുവാനും കഴിയും. |
| (സി) ഏത് ഏജൻസിയുടെ ആഭിമുഖ്യത്തിലാണ് ഇത് നടപ്പാക്കുന്നത് : വിശദമാക്കുമോ; | (സി) കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

(ഡി) ഇ-ഗവേണൻസ് നടപ്പാക്കുന്നതിൽ സംസ്ഥാനത്തിന് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) താഴെ ചേർത്തിരിക്കുന്ന അവാർഡുകൾ കഴിഞ്ഞ വർഷം ലഭിച്ചിട്ടുണ്ട്.

1) Good governance–ന് e-India 2012 അവാർഡ്
2) ഇ-ഡിസ്ട്രിക്ട് പ്രോജക്ടിന് സി.എസ്.ഐ. നിഹിലന്റ് അവാർഡ് 2012
3) നല്ല പ്രോജക്ടിന് കേരള സ്റ്റേറ്റ് ഐ.ടി.മിഷന് ലഭിച്ച e-World Jury Choice Award

സെക്ഷൻ ഓഫീസർ